**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 48** **24-08-2022 - ൽ മറുപടിയ്ക്ക്**

**സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സംരംഭങ്ങളുടെ വിവര ശേഖരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സംരംഭങ്ങളുടെയും സംരംഭകർ നേരിടുന്ന പ്രതിബന്ധങ്ങളുടെയും വിവര ശേഖരണത്തിന് പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണ് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ ഭൂമി ശാസ്ത്രപരമായ സ്ഥാനം ഉൾപ്പെടെയുള്ള അടിസ്ഥാന വിവരങ്ങൾ ശേഖരിയ്ക്കുന്നതിന് 'വ്യവസായ ജാലകം' എന്ന പേരിൽ സോഫ്റ്റ്‌വെയർ തയ്യാറാക്കിയിരുന്നു. നിലവിൽ പ്രസ്തുത വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. സംരംഭകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിയ്ക്കുന്നതിനായി ഒരു ഓൺലൈൻ പരാതി പരിഹാര സംവിധാനവും തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | വ്യവസായ വാണിജ്യ വകുപ്പ് നടപ്പിലാക്കുന്ന എല്ലാ സേവനങ്ങളെയും ഓൺലൈൻ സംവിധാനത്തിലേക്ക് കൊണ്ടുവരുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (ബി) | വ്യവസായ വാണിജ്യ വകുപ്പ് മുഖേന നടപ്പിലാക്കുന്ന സേവനങ്ങൾക്കെല്ലാം ഓൺലൈൻ പോർട്ടൽ തയ്യാറാക്കിയിട്ടുണ്ട്. ഇതിലൂടെ പൊതുജനങ്ങൾക്കു അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. കൂടാതെ വ്യവസായ വാണിജ്യ വകുപ്പ് മുഖേന നൽകി വരുന്ന ഓൺലൈൻ സേവനങ്ങളുടെ തീർപ്പാക്കൽ നിരക്ക് തത്സമയം നിരീക്ഷിക്കുന്നതിന് ഡാഷ്ബോർഡ് തയ്യാറാക്കുകയും ആയതു www.dashboard.kerala.gov.in എന്ന സംസ്ഥാന സർക്കാർ ഡാഷ്ബോർഡ് പോർട്ടലുമായി ബന്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കൂടാതെ സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ആരംഭിക്കുന്ന പുതിയ യൂണിറ്റുകളുടെ പ്രവർത്തന പുരോഗതി നിരീക്ഷിക്കുന്നതിനുള്ള ഓൺലൈൻ സംവിധാനവും വികസിപ്പിച്ചിട്ടുണ്ട്. |
| (സി) | വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ? | (സി) | എഞ്ചിനീയറിങ് കോളേജുകൾ, പോളിടെക്നിക്കുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും പ്രസ്തുത ക്ലബ്ബുകൾക്ക് |

| | | | |
|---|---|---|---|
| | | | സംരംഭകത്വ പരിശീലനം നൽകുന്നതിനും ജില്ലാ വ്യവസായ കേന്ദ്രം വഴി നിലവിൽ സംവിധാനമുണ്ട്. ബന്ധപ്പെട്ട വ്യവസായ വികസന ഓഫീസർമാർ വഴി ക്ലബ്ബുകൾക്ക് ആവശ്യമായ മാർഗ നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്.<br><br>സാങ്കേതിക സർവ്വകലാശാലയുമായി സംയോജിച്ച് സംരംഭകർക്ക് സാങ്കേതിക സഹായം നൽകുന്നതിനായി പുതിയ ഒരു പദ്ധതി ഈ സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്നുണ്ട്. ഇതനുസരിച്ച് സംരംഭങ്ങളിലെ സാങ്കേതികതലത്തിലും മാനേജ്മെന്റ് തലത്തിലും പരിഹരിക്കേണ്ട വിഷയങ്ങൾ കണ്ടെത്തി അവ സാങ്കേതിക സർവകലാശാല വഴി പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ് ആയി നൽകുകയും അവ പരിഹരിക്കുന്നതിനുള്ള നടപടി ഇന്റേൺഷിപ്പിന്റെ ഭാഗമായി സ്വീകരിക്കുന്നതുമാണ് ഉത്പാദന മേഖലയിലെ നവീന ആശയങ്ങളിൽ അധിഷ്ഠിതമായ സ്റ്റാർട്ടപ്പുകൾക്ക് സഹായം നൽകാൻ പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇത് കൂടാതെ നവീന ആശയങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിനും ഈ ആശയങ്ങൾക്ക് ആവശ്യമായ നിക്ഷേപം ലഭ്യമാക്കാൻ സഹായിക്കുന്നതിനുമായി 'ഡ്രീം-വെസ്റ്റർ' എന്ന പ്രോഗ്രാം സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്തെ യുവാക്കളുടെ സംരംഭക ആശയങ്ങൾ അവതരിപ്പിക്കാനുള്ള അവസരം നൽകുന്ന ഈ പ്രോഗ്രാമിലൂടെ മികച്ച ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിന് സമ്മാനവും നൽകുന്നതാണ്.<br><br>യുവസംരംഭകർക്കായി കെ.എസ്.ഐ. ഡി.സി ഒരു സാമ്പത്തിക സഹായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വിദ്യാത്ഥികളടക്കമുള്ള യുവ സംരംഭകരുടെ വ്യാപാരയോഗ്യമായ നൂതന സംരംഭങ്ങൾക്ക് കെ.എസ്.ഐ.ഡി.സി ഇരുപത്തഞ്ചു ലക്ഷം രൂപ വരെ മൂലധന സഹായം നൽകി വരുന്നു. സംരംഭം തുടങ്ങുന്നതിനാവശ്യമായ മൊത്തം തുകയുടെ തൊണ്ണൂറു ശതമാനമോ അല്ലെങ്കിൽ ഇരുപത്തഞ്ചു ലക്ഷം രൂപയോ ആണ് പ്രാഥമിക മൂലധന സഹായം ആയി നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ